പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4092 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം


ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ് പി.
" എം.ഉമ്മർ
ഡോ. എം. കെ. മുനീർ
ശ്രീ. കെ.എം.ഷാജി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് സാർവ്വത്രിക ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ ബസ് ജീവനക്കാരുടെ അനുപാതം നിലവിൽ 8.7 ആണ്. ടി അനുപാതത്തിൽ നിന്നും ദേശീയ ശരാശരിയായ 5.5 നേക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിൽ എത്തിക്കണമെന്ന ഉദ്ദേശത്തോടെ ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ പരിഷ്ക്കരിച്ചുകൊണ്ട് ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തൽ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ഒരു തീരുമാനം കെ.എസ്.ആർ.ടി.സി.യുടെ അംഗീകൃത സർവ്വീസ് സംഘടനകൾ അംഗീകരിച്ചിരുന്നോ; വിശദമാക്കുമോ; | (ബി) | സാമ്പത്തിക ബാധ്യതയിൽ ഉലയുന്ന കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കോർപ്പറേഷന്റെ തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തുകയും സംതൃപ്തമായ സേവന വേതന കരാറിന് വിധേയമായി ശുപാർശകളോട് സഹകരിക്കുമെന്ന് തൊഴിലാളി സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെയുള്ള പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | ജോലി സമയം ഡബിൾ ഡ്യൂട്ടിയിൽ നിന്നും സിംഗിൾ ഡ്യൂട്ടിയിലേക്ക് പരിഷ്ക്കരിക്കുന്നതിലൂടെ ജീവനക്കാരുടെ വിശ്രമമില്ലാതെയുള്ള അദ്ധ്വാനഭാരം കുറയ്ക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ആവശ്യമെന്ന് കാണുന്നപക്ഷം ടി തീരുമാനം പുനഃപരിശോധിക്കുന്നത് ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ